## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 360 **08.02.2016-ൽ** മറുപടിക്ക്

### കെ.എസ്.ആർ.ടി.സിയ്ക്ക് സർക്കാർ നല്കാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് സൗജന്യ പാസ് ഉൾപ്പെടെയുള്ള ഇനങ്ങളിൽ നാളിതുവരെ സർക്കാർ നൽകേണ്ട ആകെ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ; | (എ) | സാമൂഹ്യപ്രതിബദ്ധതായിനത്തിൽ താഴെപ്പറയുന്ന 2 വിഭാഗക്കാർക്ക് സൗജന്യ പാസ് നൽകുന്നതിനുള്ള ബാധ്യത കോർപ്പറേഷന് തിരിച്ചു നൽകാമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.<br>1. ബുദ്ധിമാന്ദ്യമുള്ള ആളുകൾക്കും അവരോടൊപ്പം യാത്ര ചെയ്യുന്ന ഒരാൾക്കും.<br>2. സെറിബ്രൽ പാൽസി രോഗിക്കും അവരോടൊപ്പം യാത്ര ചെയ്യുന്ന ഒരാൾക്കും.<br>ഈ രണ്ട് വിഭാഗങ്ങൾക്ക് സൗജന്യം നൽകിയതിന് കെ.എസ്.ആർ.ടി.സി.യുടെ കണക്കുകൾ പ്രകാരം 14.84 കോടി രൂപയാണ് നഷ്ടമുണ്ടായിരിക്കുന്നത്.<br>എന്നാൽ സാമൂഹ്യബാധ്യതയിനത്തിൽ കെ.എസ്.ആർ.ടി.സി കണക്കാക്കിയ തുകയ്ക്കും ഉപരിയായി ധനസഹായങ്ങൾ കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ നൽകിയിട്ടുണ്ട്.<br>1. കെ.എസ്.ആർ.ടി.സി.ക്ക് ഓരോ വർഷവും നോൺ-പ്ലാൻ ഇനത്തിൽ ബജറ്റിൽ സർക്കാർ ധനസഹായം വകയിരുത്താറുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 180 കോടി രൂപ വകയിരുത്തുകയുണ്ടായി.<br>2. 31.03.2008 വരെയുള്ള വെഹിക്കിൾ ടാക്സ് കുടിശ്ശികയായ 622.83 കോടി രൂപ |

| | | | |
|---|---|---|---|
| | | | സർക്കാർ എഴുതിത്തള്ളുകയുണ്ടായി.<br>3. 01.04.2008 മുതൽ 31.03.2014 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ വായ്പാതുകയായ 1090.75 കോടി രൂപ കെ.എസ്.ആർ.ടി.സി.യിൽ സർക്കാർ ഓഹരിയാക്കി മാറ്റുവാനും പലിശയും പിഴപലിശയും എഴുതിത്തള്ളുവാനും തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കോർപ്പറേഷനുള്ള മൂലധനവിഹിതം 1:2 എന്ന അനുപാതത്തിൽ സർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാരിൽ നിന്നും അർഹമായ തുക എത്രയാണ് ; | (ബി) | ആർ.ടി.സി ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കെ.എസ്.ആർ.ടി.സി.യ്ക്ക് മൂലധന നിക്ഷേപമായി പരസ്പരം അംഗീകരിക്കുന്ന നിശ്ചിത അനുപാതത്തിൽ തുക അനുവദിയ്ക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ എല്ലാ വർഷവും മൂലധന നിക്ഷേപമായി കെ.എസ്.ആർ.ടി.സി.യ്ക്ക് തുക അനുവദിച്ചു വരുന്നുണ്ട്. എന്നാൽ 1992-ന് ശേഷം നാളിതുവരേയും സംസ്ഥാന സർക്കാർ മൂലധനമായി നിക്ഷേപിച്ചതിന് ആനുപാതികമായ കേന്ദ്ര സർക്കാർ നിക്ഷേപം നടത്തിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ വരവും ചെലവും തമ്മിലുള്ള അന്തരം കൂടിക്കൂടി വരുകയും ശമ്പളം പോലും നല്കാൻ പറ്റാത്ത അവസ്ഥ വരുകയും ചെയ്ത സാഹചര്യത്തിൽ സർക്കാർ നല്കേണ്ടതായ തുക പൂർണ്ണമായും നല്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ? | (സി) | ഉചിതവും സാധ്യവുമായ എല്ലാവിധ സാമ്പത്തിക സഹായങ്ങളും കോർപ്പറേഷന് സർക്കാർ നൽകി വരികയാണ്. |

സെക്ഷൻ ഓഫീസർ